## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1735** **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കാമോ; | എ) | സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെട്ടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്യെങ്കിലും വിവിധ കാരണങ്ങളാൽ 01.11.2017 നകം പൂർത്തീകരിക്കാത്ത ഭവനം ഉള്ളവരെയാണ് ആദ്യ ഘട്ടത്തിലെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുള്ളത്. |
| (ബി) | ലൈഫ് പദ്ധതി ആരംഭിക്കുന്നതിനു മുൻപ് വിവിധ വകുപ്പുകൾ മുഖേന അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ചിട്ടും അടിസ്ഥാന സൗകര്യം പോലും ഇല്ലാതെ വീട് പൂർത്തീകരിച്ച ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഇവരെക്കൂടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുകയാണ് ആദ്യഘട്ടത്തിന്റെ ലക്ഷ്യം. ലൈഫ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ നല്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ